# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 243

07/11/2019 ൽ മറുപടിക്ക്

## മത്സ്യമേഖലയുടെ സമഗ്രവികസനം

ചോദ്യം | ഉത്തരം

| | | | |
|---|---|---|---|
| | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**,, കെ.എസ്.ശബരീനാഥൻ**<br>**,, ഐ.സി.ബാലകൃഷ്ണൻ :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് മത്സ്യമേഖലയുടെ സമഗ്രവികസനത്തിനും മത്സ്യ ത്തൊഴിലാളികളുടെ ക്ഷേമ ത്തിനുമായി ഈ സർക്കാർ നിലവിൽ വന്നശേഷം ഫിഷറീസ് വകുപ്പ് പദ്ധതികൾ ആവിഷ്കരി ച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. മത്സ്യമേഖലയുടെ സമഗ്രവിക സനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമം മെച്ചപ്പെടുത്തുന്നതിനുമായി ഫിഷറീസ് വകുപ്പും ഏജൻസികളും നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. സമാശ്വാസ പദ്ധതി<br>2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ.<br>a) ബി. ഐ. എഫ്&എച്ച്.ഡി.എഫ് (2016-17) സമഗ്ര ഭവന പദ്ധതി പ്രകാരം 800 മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിട സൗകര്യത്തിന് 2 മുതൽ 3 സെന്റ് വരെ സ്ഥലം വാങ്ങുന്നതിന് പരമാവധി 6 ലക്ഷം രൂപ വരെ ധന സഹായം നൽകുന്ന പദ്ധതി. ടി പദ്ധതി പ്രകാരം സ്ഥലം വാങ്ങുന്നവർക്ക് ഭവനനിർമ്മാ ണത്തിന് 4 ലക്ഷം രൂപ വീതവും നല്കുക യുണ്ടായി. അപ്രകാരം സ്ഥലം വാങ്ങിയ 699 പേരിൽ 620 പേർ ഇതിനകം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br>b) കടലാക്രമണത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ട മത്സ്യ ത്തൊഴിലാളികളുടെ പുനരധിവാസം - പ്രത്യേക പാക്കേജ് (2016-17) പ്രകാരം സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം (6 ലക്ഷം രൂപ ഭൂമി വാങ്ങുന്നതിനും 4 ലക്ഷം രൂപ ഭവനനിർമ്മാണത്തിനും) ധനസഹായം നൽകുന്നു. പദ്ധതി പ്രകാരം സ്ഥലം വാങ്ങിയ 129 പേരിൽ 117 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br>c) ബി. ഐ. എഫ് &എച്ച്.ഡി.എഫ് (2017- |

18) ഭവന പദ്ധതി പ്രകാരം 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. 750 പേർക്കാണ് ധനസഹായം അനുവദിക്കുന്നത്. പദ്ധതി പ്രകാരം സ്ഥലം വാങ്ങിയ 433 പേരിൽ 239 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

d) ഫ്ളാറ്റ് നിർമ്മാണം:- കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 192 ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകി. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി 772 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി (2018-19) ൽ 78.20 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകി. ഫ്ളാറ്റുകളുടെ നിർമ്മാണം ആരംഭിച്ചു.

e) **പുനർഗേഹം സമഗ്ര പുനരധിവാസ പദ്ധതി:-**

സംസ്ഥാനത്തിന്റെ 590 കി.മീ. ദൂരം വരുന്ന തീരപ്രദേശത്ത് കടൽ തീരത്തുനിന്നും 50 മീറ്റർ ദൂരത്ത് ഏറ്റവും കൂടതൽ കടലാക്രമണ ഭീഷണി നേരിടുന്ന 24000 ലധികം കുടുംബങ്ങളുണ്ട്. അതിൽ 18865 എണ്ണം കുടുംബങ്ങൾ മത്സ്യത്തൊഴിലാളികളുടേതാണ്. ഈ കുടുംബങ്ങളെയെല്ലാം സുരക്ഷിത സ്ഥാനത്ത് പുനരധിവസിപ്പിക്കുന്നതിന് 'പുനർഗേഹം' എന്ന പേരിൽ ഒരു ബൃഹത് സമഗ്ര തീരദേശ പുനരധിവാസ പദ്ധതി തയ്യാറാക്കി കഴിഞ്ഞു. Rebuild Kerala Initiative (RKI) പദ്ധതിയുടെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള ടി പദ്ധതിക്ക് 1398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് കഴിഞ്ഞു. 3 ഘട്ടങ്ങളിലായി മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിന് 2450 കോടി രൂപ മൊത്തം പദ്ധതി ചെലവ് പ്രതീക്ഷിക്കുന്നു. പദ്ധതി പരിശോധിച്ചു വരുന്നു.

3. ഉൾനാടൻ മത്സ്യ കൃഷി വികസനം:- സംസ്ഥാനത്തെ മത്സ്യ കൃഷിയിൽ നിന്നുമുള്ള മത്സ്യോല്പാദനം ഇരട്ടിയായി വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് നടപ്പാക്കി വരുന്ന ജനകീയ മത്സ്യ കൃഷി പദ്ധതി II (JMK II) നടപ്പാക്കുന്നതിന് നടപ്പ സാമ്പത്തിക വർഷം 74.2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മുൻ വർഷം 40 കോടി രൂപയുടെ ധനസഹായ പദ്ധതി

കളാണ് നടപ്പാക്കിയത്. ആധുനിക മത്സ്യകൃഷിരീതികൾ വ്യാപിപ്പിക്കുന്നതിനും മത്സ്യോല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും 21 ഘടകങ്ങളുള്ള പദ്ധതിയാണ് നടപ്പാക്കി വരുന്നത്. പ്രളയം മൂലം മത്സ്യകൃഷിയിൽ നാശനഷ്ടം സംഭവിച്ചതിന് 40 കോടി രൂപയുടെ പുനരുജ്ജീവന പാക്കേജ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

4. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും കടൽക്ഷോഭം മൂലം നാശനഷ്ടങ്ങൾ സംഭവിക്കുന്നതിന് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് ഇൻഷ്വറൻസ് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. 2018-19 വർഷം ഒരു കോടി രൂപയും 2019-20 വർഷം 4 കോടി രൂപയും മത്സ്യബന്ധനയാനങ്ങളുടെ ഇൻഷ്വറൻസിനായി വകയിരുത്തുകയുണ്ടായി.

5. സുരക്ഷിത മത്സ്യബന്ധനത്തിന് കടൽ സുരക്ഷാ പദ്ധതി:- കടൽ സുരക്ഷയ്ക്കും ആശയവിനിമയത്തിനും മത്സ്യബന്ധന യാനങ്ങളെ പ്രാപ്തരാക്കുന്നതിനും GPS, DAT, VHF Radio എന്നിവ നല്കുന്നതിന് 9 കോടി രൂപയുടെ അടങ്കലുള്ള പദ്ധതി നടപ്പാക്കുന്നു. ഓഖി പുനരധിവാസ പദ്ധതിയുടെ ഭാഗമായി എല്ലാ മത്സ്യത്തൊഴിലാളികൾക്കും സൗജന്യമായി ലൈഫ് ജാക്കറ്റ് നല്കി വരുന്നു. മത്സ്യബന്ധന യാനങ്ങൾക്ക് സാറ്റലൈറ്റ് ഫോൺ, നാവിക് എന്നീ ആശയവിനിമയ ഉപാധികളും നല്കി വരുന്നു. സുരക്ഷിത മത്സ്യബന്ധനത്തിന് 120 ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ 100% ധനസഹായത്തോടെയും 200 യാനങ്ങൾ 40% ധനസഹായത്തോടെയും അനുവദിച്ചിട്ടുണ്ട്.

6. വിദ്യാഭ്യാസ സഹായ പദ്ധതികൾ.

+2 മുതലുള്ള ക്ലാസുകളിലെ വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നതിന് 2017-18 മുതൽ ഇ-ഗ്രാന്റ്സ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക്, പോസ്റ്റ് മെട്രിക് വിഭാഗങ്ങളിൽ വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളായ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി, മെസ്സ് ചാർജ് തുടങ്ങിയവ

| | | | |
|---|---|---|---|
| | | | അർഹതയ്ക്കനുസരിച്ച് അനുവദിച്ച് നൽകുന്നു. പ്രീമെട്രിക്, പോസ്റ്റ്മെട്രിക് പാരലൽ എന്നീ വിഭാഗങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥി കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം എസ്.സി/എസ്.ടി വിദ്യാർത്ഥി കൾക്ക് നൽകുന്ന അതേ നിരക്കിൽ നൽകി വരുന്നു. വിദ്യാതീരം പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ്, പി. എസ്. സി, ബാങ്ക് ടെസ്റ്റ്, സിവിൽ സർവ്വീസ് പരിശീലനം എന്നിവ നൽകി വരുന്നു. തീരദേശ വിദ്യാലയ ങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 40 കരിയർ ഗൈഡൻസ് പ്രോഗ്രാമും, മാതാപിതാക്കൾ നഷ്ടപ്പെട്ട മത്സ്യ ത്തൊഴിലാളികളുടെ മക്കളെ ദത്തെടുക്കുന്ന പദ്ധതി പ്രകാരം 2018-19 ൽ 11 പേർക്ക് പഠനാവശ്യങ്ങൾക്ക് ധനസഹായം നൽകി യിട്ടുണ്ട്. തീരദേശത്തെ 10 ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്നതിനുള്ള സമഗ്ര നടപടികൾ നടപ്പാക്കി വരുന്നു. തീരദേശത്തെ സ്കൂളുകളിൽ കായിക പ്രോത്സാഹന പദ്ധതികളും നടപ്പിലാക്കി വരുന്നു.<br>7. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ.<br>a) മത്സ്യത്തൊഴിലാളി പെൻഷൻ<br>b) മത്സ്യത്തൊഴിലാളി /അനുബന്ധ ത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ്<br>c) സംയോജിത PMJJBY/PMSBY/AABY<br>d) മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം.<br>e) വിവാഹ ധനസഹായ പദ്ധതി<br>f) മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചിലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി.<br>g)മത്സ്യത്തൊഴിലാളികളുടെ മരണ ത്തോടനുബന്ധിച്ച് ആശ്രിതർക്കു ധന സഹായ പദ്ധതി<br>h)കുടുംബ സംവിധാന പദ്ധതി |

| | | | |
|---|---|---|---|
| | | | l) മാരകരോഗ ചികിൽസാ പദ്ധതി<br>j) ചെയർമാൻസ് റിലീഫ് ഫണ്ട്.<br>k) ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ നിശ്ചിത തുക ധനസഹായമായി ബോർഡിൽ നിന്നും അനുവദിക്കുന്നു<br>l) പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി<br>m) ഉന്നത വിദ്യാഭ്യാസ പ്രോൽസാഹന പദ്ധതി<br>n) ബോധവൽക്കരണ പരിപാടി<br>o) അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായ പദ്ധതി<br>8. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ<br>a) ഇൻഷ്വറൻസ് പദ്ധതി<br>b)എൻ.സി.ഡി.സി. ധനസഹായ ത്തോടു കൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി<br>c)എൻ.ബി.സി.എഫ്.ഡി.സി/ എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടു കൂടിയുള്ള പദ്ധതികൾ<br>d) ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം.<br>e). വലകൾക്കുള്ള സബ്സിഡി പദ്ധതി<br>f) മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി<br>g) നാടൻ വള്ളങ്ങളുടെ നവീകരണം<br>h) മത്സ്യഫെഡ് മത്സ്യത്തൊഴിലാളി ക്ഷേമനിധി പദ്ധതി<br>i). മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി<br>9. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി.<br>a) തീരനൈപുണ്യ പദ്ധതി<br>b) 3R പാക്കേജ് പദ്ധതി<br>c) അഷ്ടമുടി Phase II<br>10. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ, അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, സമഗ്ര തീരദേശ |

| | | | |
|---|---|---|---|
| | | | വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാനസൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതി, കൃത്രിമപാര് സ്ഥാപിക്കൽ, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി, ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെയുള്ള ആധുനിക മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കൽ |
| (ബി) | തീരദേശത്തെ അടിസ്ഥാന സൗകര്യങ്ങൾ തുലോം പരിമിതമാണെന്നിരിക്കെ അത് വികസിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; | (ബി) | മത്സ്യത്തൊഴിലാളി അടിസ്ഥാനസൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതിയിൽ ഉൾപ്പെടുത്തി വ്യക്തിഗത ഫ്ളാറ്റുകൾ നിർമ്മാണം, വിദ്യാഭ്യാസ ആരോഗ്യാടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, കൃത്രിമപാര് സ്ഥാപിക്കൽ, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ, നാഷണൽ ഫിഷറീസ് ഡെവലപ്മെൻറ് ബോർഡ്/കേന്ദ്രസർക്കാർ ധനസഹായ ത്തോടെയുള്ള ആധുനിക മത്സ്യ മാർക്കറ്റ് നിർമ്മാണം എന്നിവയാണ് പ്രധാന പദ്ധതികൾ.<br><br>ഇതുകൂടാതെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകളുടെ കിഫ്ബി പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>തീരശോഷണം തടയുന്നതിന് കിഫ്ബി ധനസഹായത്തോടെ 8 പദ്ധതികൾ നടപ്പാക്കുന്നു. 125.06 കോടി രൂപ അടങ്കൽ വരുന്ന മേൽ പദ്ധതികൾ മുതലപ്പൊഴി, കായംകുളം, തോട്ടപ്പള്ളി, ചേറ്റുവ, തലായ്, മഞ്ചേശ്വരം എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ സമീപ തീരപ്രദേശങ്ങളിലെ തീരശോഷണം തടയുന്നതിനും കൊല്ലം മുതൽ താന്നി വരെയുള്ള തീരത്തെ കരയെടുത്തു പോകുന്നത് തടയുന്നതിനുമാണ്. കൂടാതെ, പൂന്തുറ മുതൽ ശംഖുമുഖം വരെയുള്ള തീരശോഷണം തടയുന്നതിന് ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുന്ന പദ്ധതിയും ഇതിൽപ്പെടും.<br><br>തീരപ്രദേശത്തെ 69 സ്കൂളുകളുടെ നവീകരണത്തിനും 65 മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനുമുള്ള പദ്ധതികളും ആവിഷ്കരിച്ച് |

| | | | |
|---|---|---|---|
| | | | കിഫ്ബി ധനസഹായത്തോടെ നടപ്പാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനും വികസനത്തിനുമായി കഴിഞ്ഞ 3 വർഷത്തിനുള്ളിൽ 534.43 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. അതിൽ കൊയിലാണ്ടി (63.99 കോടി രൂപ), മഞ്ചേശ്വരം (48.8 കോടി രൂപ) എന്നീ മത്സ്യബന്ധന ഹാർബറുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും തലായ് (34.79 കോടി രൂപ), ചേറ്റുവ (30.24 കോടി രൂപ) എന്നീ മത്സ്യബന്ധന തുറമുഖങ്ങൾ കമ്മീഷനിംഗ് നടത്തുകയും ചെയ്തു. പരപ്പനങ്ങാടിയിൽ 112.21 കോടി രൂപ അടങ്കലിൽ പുതിയ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് കിഫ്ബി ധനസഹായത്തോടെ അനുമതി നൽകുകയും നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. പൊഴിയൂരിൽ പുതിയ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന്റെ സാധ്യതാ പഠനം പൂർത്തിയായിക്കഴിഞ്ഞു. കൂടാതെ തങ്കശ്ശേരി (6.25 കോടി രൂപ), അർത്തുങ്കൽ (49.39 കോടി രൂപ), മുനക്കക്കടവ് (2.31 കോടി രൂപ), താനൂർ (44.87 കോടി രൂപ), വെള്ളയിൽ (45.8 കോടി രൂപ), പുതിയാപ്പ (13.29 കോടി രൂപ), ബേപ്പൂർ (0.98 കോടി രൂപ), ചോമ്പാൽ (4.08 കോടി രൂപ), ചെല്ലാനം (10.37 കോടി രൂപ), തോട്ടപ്പള്ളി (13.38 കോടി രൂപ), കായംകുളം (8.44 കോടി രൂപ), മുനമ്പം (10.57 കോടി രൂപ), കാസർകോഡ് (17.20 കോടി രൂപ), നീണ്ടകര (5.11 കോടി രൂപ) എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിനുള്ള പദ്ധതികൾ പുരോഗമിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 7 മത്സ്യബന്ധന തുറമുഖങ്ങളുടെ ഡ്രെഡ്ജിംഗിന് 12.34 കോടി രൂപയുടെ പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. കൂടാതെ, 1183 തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി 514.9 കോടി രൂപയുടെ ഭരണാനുമതിയും നല്കിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് മത്സ്യകൃഷിക്ക് ആവശ്യമായ മത്സ്യവിത്ത് ഉല്പാദിപ്പിക്കുവാൻ നിലവിൽ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | മത്സ്യവിത്തുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി നിലവിലുള്ള ഫിഷ് സീഡ് ഫാമുകൾ/ ഹാച്ചറികൾ നവീകരിക്കുന്നതിനും, പുതിയ ഹാച്ചറികൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഗുണമേൻമയുള്ള നല്ലയിനം മത്സ്യവിത്തുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിൽ ഉൾപ്പെടുത്തി പുതിയ മത്സ്യവിത്തു ഫാമുകൾ, |

| | | | |
|---|---|---|---|
| | | | ഹാച്ചറികൾ, നേഴ്സറികൾ എന്നിവയുടെ പൂർത്തീകരണം, നിലവിലുള്ള ഫിഷ്സീഡ് ഫാമുകളുടെ/ഹാച്ചറികളുടെ വികസനം, നടത്തിപ്പ്, സംരക്ഷണം നിലവിലുള്ള സർക്കാർ ഫാമുകളിൽ അധികം മത്സ്യവിത്തുല്പാദന യൂണിറ്റുകളുടെ രൂപീകരണം എന്നിവയ്ക്കായി 1800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. റീസർകുലേറ്ററി അക്വാകൾച്ചർ സിസ്റ്റത്തിൽ വളരെയധികം സാധ്യതയുള്ള ഗിഫ്റ്റ് തിലാപ്പിയയുടെ ഹാച്ചറി/റിയറിംഗ് ഫാമുകൾ തിരുവനന്തപുരം ജില്ലയിലെ നെയ്യാറിലും, പത്തനംതിട്ട ജില്ലയിലെ പന്നിവേലിച്ചിറയിലും സ്ഥാപിക്കുന്നതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. തിരുവനന്തപുരം നെയ്യാർ മത്സ്യ/ചെമ്മീൻ വിത്തുല്പാദന കേന്ദ്രം, തൃശൂർ പീച്ചി മത്സ്യവിത്തുല്പാദന കേന്ദ്രം എന്നിവയുടെ മൂന്നാംഘട്ട വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നു. തൃശൂർ അഴീക്കോട് ഓരുജല മത്സ്യ വിത്തുല്പാദന കേന്ദ്രത്തിന്റെ നിർമ്മാണം, തൃശൂർ പീച്ചി മത്സ്യവിത്തുല്പാദന കേന്ദ്രത്തിന്റെ നാലാംഘട്ട വികസനപ്രവർത്തനങ്ങൾ, വർക്കല ഓടയത്ത് ഓരുജല മത്സ്യവിത്തുല്പാദന കേന്ദ്രത്തിന്റെ നിർമ്മാണം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കടൽ മത്സ്യകുഞ്ഞുങ്ങളുടെ ഉൽപാദനത്തിനായി ഒരു ഹാച്ചറി വിഴിഞ്ഞത്ത് സ്ഥാപിക്കുന്നതിന് 1350 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | 2019-20 ലെ ബഡ്ജറ്റിൽ മത്സ്യമേഖലയിലെ പദ്ധതികൾക്കായി എന്ത് തുകയാണ് നീക്കിവച്ചിട്ടുള്ളത്; അതിൽ എത്ര ശതമാനം ഇതിനകം ചെലവഴിച്ചു എന്ന കണക്ക് ലഭ്യമാണോ; വ്യക്തമാക്കാമോ? | (ഡി) | 2019-20 ബഡ്ജറ്റിൽ മത്സ്യമേഖലയിലെ പദ്ധതികൾക്കായി 41235 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 36.23% തുക ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ